നാരായണാശ്രമ
തപോവനം

# ആത്മസ്ഫുരണങ്ങൾ

## സ്വാമി ഭൂമാനന്ദതീർഥ



# പഞ്ചമഹായജ്ഞങ്ങൾ

*Volume 84, 29 June 2014*

ഗൃഹസ്ഥന്മാരുടെ ജീവിതം കുടുംബാംഗങ്ങൾക്കുമാത്രമാണെന്നു വരരുത്. മുൻപിൻഗണനകൾ ആവോളം ഗൃഹസ്ഥമനസ്സിൽ വേണം. ഇതു കണക്കിലെടുത്തുകൊണ്ടാണ് ഗൃഹസ്ഥനു പഞ്ചമഹായജ്ഞങ്ങൾ നിർദേശിച്ചിട്ടുള്ളത്. ആലോചിച്ചുനോക്കിയാൽ ഇവ മനുഷ്യമനസ്സിനെ ധർമബദ്ധമാക്കി വികസ്വരമാക്കുന്നവയാണ്.

ഉച്ചനീചത്വവും, പതിതശ്രേഷ്ഠതയും മനസ്സിനെ തീണ്ടാൻ അനുവദിയ്ക്കരുതെന്നു നിർബന്ധിയ്ക്കുന്നു ഭാഗവതം. ഈ അടിസ്ഥാനത്തിൽവേണം സമാജത്തിന്റെ സങ്കീർണതയെ നോക്കിക്കാണാൻ.

പതിതന്മാർക്കും പാപവൃത്തികൾ ചെയ്യുന്നവർക്കും ഗൃഹസ്ഥൻ ഭക്ഷണം നല്കണമത്രെ. ഒരാളേയും ഒന്നിന്റെ പേരിലും വെറുക്കരുത്. സ്നേഹപൂർവം എല്ലാവരേയും മനസാ ആശ്ലേഷിയ്ക്കുന്നതാണ് ഭഗവാന്റെ സാർവത്രികതയെ അംഗീകരിയ്ക്കൽ.

അതിഥിസത്കാരമാണ് ഗൃഹസ്ഥന്റെ ഇനിയൊരു മൂല്യം. ഇതു ഭംഗിയായി നടത്തേണ്ടതു ഗൃഹസ്ഥന്റെ പത്നിയാണ്. ചിലപ്പോൾ ഇക്കാര്യത്തിൽ സ്വാർഥത തടസ്സമായി നിന്നേയ്ക്കാം. അതരുതെന്നു മുന്നറിയിപ്പു നല്കുന്നു ഭാഗവതം. ഇങ്ങനെ ധാർമിക മൂല്യങ്ങൾക്കു മുൻഗണന കൊടുത്ത് ഈശ്വരാർപ്പിതമായി ജീവിതംകഴിയ്ക്കുന്നവർക്കു പരമപദം കൈവരാൻ ഒരു വിഷമവുമില്ലെന്നു ഭാഗവതം ഉറപ്പുതരുന്നു!

ലോകമുണ്ടായത് അലൗകികമായ കേന്ദ്രത്തിൽനിന്നാണെന്നതിൽ സംശയമില്ല. ലോകത്തിൽ വാഴുകയെന്നുവെച്ചാൽ ഈ അലൗകികശക്തികളോടു കൃതജ്ഞത പുലർത്തുകയെന്നുകൂടി അർഥമാണ്. അങ്ങനെയാണ് ദേവയജ്ഞമെന്ന സങ്കല്പമുണ്ടായത്. ഹോമമാണ് ഇതിൽ പ്രധാനം.

ശാസ്ത്രാധ്യയനം ഋഷിയജ്ഞമാണ്. വേദങ്ങൾ, സ്മൃതിയിതിഹാസാദികൾ ഇവയൊക്കെ ശാസ്ത്രങ്ങളിൽപ്പെടും. കവികളും ക്രാന്തദർശികളുമായ മഹർഷിമാരുടെ മനനശീലംകൊണ്ട് രൂപപ്പെട്ടതാണ് ഇവയെല്ലാം. മനുഷ്യരാശിയുടെ നന്മയുദ്ദേശിച്ചാണ് അവർ ജീവിതമൂല്യങ്ങളും തത്ത്വസിദ്ധാന്തങ്ങളും ഉൾപ്പെടുന്ന ഈ സൃഷ്ടിയെ ശാശ്വതപൈതൃകമായി നമുക്കു നല്കിയിരിയ്ക്കുന്നത്. ആപത്തിലും സമ്പത്തിലും ഒരുപോലെ തുണയ്ക്കുന്നതാണ് ഈ നിധി.

നിരന്തരാധ്യയനത്തിലൂടെയാണ് ഇത് ഒരുവനിൽ അലിഞ്ഞുചേർന്ന് അനുഷ്ഠാനമായിത്തീരുക. അപ്പോഴാണ് അതു സമാജത്തിൽ പ്രബലവും പ്രഭാവകരവുമായി നിലകൊള്ളാൻ ശക്തമാകുക.

നൃയജ്ഞമാണ് മൂന്നാമത്തേത്. യദൃച്ഛയായും അല്ലാതെയും വരുന്ന അതിഥികളെ സ്നേഹൗദാര്യത്തോടെ പരിചരിയ്ക്കുന്നതാണ് മനുഷ്യയജ്ഞം. ഇതു വിലപിടിച്ച ധർമാനുഷ്ഠാനമാണ്. ചുറ്റുമുള്ളവരെ ആവശ്യാനുസാരം ആകാവുന്നതു സഹായിയ്ക്കുന്ന മന:സ്ഥിതിയും ഒഴിച്ചുകൂടാത്തതത്രെ.

ഗൃഹം അതിലെ അന്തേവാസികൾക്കുമാത്രം ജീവിയ്ക്കാനുതകുന്നപക്ഷം, അതു ചുരുങ്ങിയ ഉദ്ദേശമേ നിറവേറ്റുന്നുള്ളു. അതിഥികൾക്കുകൂടി വാസയോഗ്യമാകുമ്പോൾ ഗൃഹോദ്ദേശം വികസ്വരമായി.

ഇടക്കിടയ്ക്കോ അതുവിട്ടോ ഗൃഹത്തിൽ സജ്ജനങ്ങൾ വരുകയും സത്സംഗം നടത്തുകയും വേണം. അതിൽ പങ്കെടുക്കാൻ പലരേയും ക്ഷണിയ്ക്കയുംകൂടിയായാൽ, അവിടം ഉത്തമവാസസ്ഥാനമായെന്നു പറയാം. നൃയജ്ഞത്തിന്റെ ഉയർന്ന പടിയാണിത്.

ഭൂതങ്ങൾക്കു നല്കുന്ന ബലിയാണ് ഇനിയൊരു ഗൃഹദൗത്യം. മനുഷ്യേതരപ്രാണികൾക്കു കഴിയാവുന്നതും തീറ്റ നല്കുക.

പിതൃതർപ്പണം മുറപോലെ നടത്തുന്നതാണ് പഞ്ചമഹായജ്ഞത്തിലെ അവസാനയിനം.

ദേവഋഷിഭൂതപിതൃനൃയജ്ഞങ്ങളാണിവ. മനുഷ്യജീവിതം മുമ്പുജീവിച്ചവരോടും, ദേവന്മാരോടും, ചുറ്റുമുള്ള മനുഷ്യേതരർ, മനുഷ്യർ, ഇങ്ങനെ എല്ലാവരോടും കടപ്പെട്ടിരിയ്ക്കുന്നുവെന്ന വസ്തുത ഓരോ ഗൃഹസ്ഥനും യഥാവിധി അറിഞ്ഞ് ആദരിയ്ക്കുമ്പോഴേ, ഗൃഹജീവിതം അന്വർഥമായി സമ്പന്നമാകൂ.

ഓരോ ഗൃഹസ്ഥനും പൂർവതലമുറകൾക്കും വരുംതലമുറകൾക്കും മധ്യേ ചുറ്റുമുള്ളവരെ ബന്ധിപ്പിച്ചുകൊണ്ട് നിലകൊള്ളുന്ന സുപ്രധാനകണ്ണിയാണെന്ന കാര്യം പഞ്ചമഹായജ്ഞങ്ങൾ എത്ര ഭംഗിയായി വിളിച്ചുപറയുന്നു!

(‘ധർമമൂല്യങ്ങൾ ഭാഗവതവാക്യങ്ങളിൽ’ നിന്ന്)

**Narayanashrama Tapovanam**
Venginissery, P.O. Ammadam, Trichur, Kerala, India
Email: ashram1@gmail.com; Website: www.SwamiBhoomanandaTirtha.org